©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2026 ഫെബ്രുവരി 21<br>21st February 2026<br>1201 കുംഭം 9<br>9th Kumbham 1201<br>1947 ഫാൽഗുനം 2<br>2nd Phalguna 1947 | നമ്പർ<br>No. | **745** |


**SECRETARIAT OF THE KERALA LEGISLATURE**

**NOTIFICATION**

No. KLS/959/2026-Legin1 *Dated, Thiruvananthapuram, 21st February, 2026.*

The Kerala Finance Bill, 2026 together with the Statement of Objects and Reasons, Financial Memorandum and Memorandum Regarding Delegated Legislation, is published under Rule 69 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly.

**Shaji C. Baby**
*Secretary-in-charge.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**Fifteenth Kerala Legislative Assembly**
**Bill No. 300**

# THE KERALA FINANCE BILL, 2026

*A*

*BILL*

to give effect to certain financial proposals of the Government of Kerala
for the Financial Year 2026-2027.

*Preamble*.—WHEREAS, it is expedient to give effect to certain financial proposals of the Government of Kerala for the Financial Year 2026-2027;

BE it enacted in the Seventy-seventh Year of the Republic of India as follows:—

1. *Short title and commencement.*—(1) This Act may be called the Kerala Finance Act, 2026.

(2) It shall come into force on the 1st day of April, 2026.

## CHAPTER - I
## WAIVER OF CERTAIN AMOUNTS

2. *Amendment of Act 3 of 2025*.—In the Kerala Finance Act, 2025 (3 of 2025), (hereinafter referred to as the principal Act) in Chapter III, General Amnesty Scheme, 2025 after section 13, the following section shall be inserted, namely: —

"13A. *Special waiver in respect of small arrears.*—(1) Notwithstanding anything contained in the relevant Acts or in the *s*cheme, the entire amount of arrears of tax, surcharge, interest , cess or penalty covered by a specified order passed under the relevant Act shall be deemed to have been settled under the scheme, where—

(a) the arrears of tax or surcharge in such order does not exceed fifty thousand rupees; and

(b) the arrears of tax or surcharge relates to any financial year up to and including the financial year 2017-18; and

(c) such order has been issued on or before the 31st day of March, 2027:

Provided that, in the case where the evidence, details and records pertaining to the penalty levied are not utilized or not liable to be utilized for any best judgment assessment under the relevant

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Act, the tax or surcharge demand relating to such penalty shall be deemed to be the arrears of tax or surcharge.".

3. *Amendment of section 20*.— In the principal Act, in section 20, the existing provision shall be numbered as sub-section (1) and after the sub-section (1) so numbered, the following sub- section shall be inserted, namely: —

"(2) Notwithstanding anything contained in the Kerala Revenue Recovery Act, 1968 (15 of 1968), waiver of arrears under section 13A of this scheme shall be applicable to those cases in which revenue recovery proceedings have been initiated and the designated authorities shall have the power to settle such amounts towards amount payable and in cases where the arrears of tax, surcharge, interest or penalty are waived under section 13A, the revenue recovery proceedings against such applicants shall be deemed to have withdrawn on the 1st day of April, 2026 which shall then be binding on the revenue authorities and such applicants shall not be liable for payment of any collection charge leviable by such revenue authorities.".

## CHAPTER - II

## FLOOD CESS AMNESTY, 2026

4. *Flood Cess Amnesty, 2026*.—(1) Any taxpayer who is in arrears of any amount payable as Kerala Flood Cess under section 14 of the Kerala Finance Act, 2019 ( 5 of 2019) pertaining to the period from 1st day of August, 2019 to 31st day of July, 2021 may opt to settle the arrears by making payment of the entire flood cess payable and upon such payment, the applicable interest and penalty thereon shall stand waived:

Provided that, where the entire amount of flood cess payable in respect of such arrears has already been remitted by the taxpayer, the interest and penalty relating thereto shall be deemed to have been fully waived and such arrears shall be deemed to have been settled as per this sub-section.

(2) A taxpayer who intends to settle the arrears under the scheme shall, on or before 30th day of June, 2026, make electronic payment of the entire amount payable as per sub -section (1) as on the date of payment through e-treasury portal.

*Explanation*.- If a show cause notice issued under the Central Goods and Services Tax Act, 2017 or Kerala State Goods and Services Tax Act, 2017 includes the demand of flood cess along with the other demands under the said Acts and payment as per sub-section (1) is made to settle the flood cess payable as per the notice/order, then the demand to the extent of flood cess alone shall stand settled.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) Where an appeal filed by the Government is pending before any appellate or revisional authority under section 14 of the Kerala Finance Act, 2019 (5 of 2019) or any court, and the taxpayer has settled the arrears under the amnesty scheme by paying the demand as per the original order, the taxpayer shall intimate such settlement to-

(i) the appellate or revisional authority under the Kerala Finance Act, 2019 (5 of 2019) or any court; and

(ii) the jurisdictional proper officer.

(4) Upon verifying that the taxpayer has settled the arrears by making complete payment of the flood cess as per the demand in the original order, the jurisdictional proper officer shall intimate the settlement to the appellate or revisional authority under section 14 of the Kerala Finance Act, 2019 (5 of 2019) or the court, so that the appellate or revisional authority under the Act or the court may take decisions accordingly.

(5) Notwithstanding anything contained in the Kerala Revenue Recovery Act, 1968 (15 of 1968), reduction of arrears under sub-section (1) shall be applicable to those case in which revenue recovery proceedings have been initiated and the proper officer shall have the power to collect such amounts on settlement under sub-section (1) and where the amount is settled under sub-section (1) the revenue recovery proceedings against such taxpayers shall be deemed to have withdrawn on the 1st day of April, 2026 which shall then be binding on the revenue authorities and such taxpayers shall not be liable for payment of any collection charge leviable by such revenue authorities.

(6) Notwithstanding anything contained in this Act, or in any judgement, decree or order of any court, tribunal or appellate authority, there shall not be any refund or any adjustment subsequently for the amount settled under this scheme, under any circumstances.

5. *Power of Commissioner of State Tax*.—Subject to the provisions of the scheme, the Commissioner of State Tax may, from time to time, issue instructions and directions as he may deem fit for carrying out the purpose of the scheme.

6. *Power to remove difficulties*.— (1) If any difficulty arises in giving effect to any of the provisions of this scheme, the Commissioner of State Tax may, by order, not inconsistent with the provisions of this scheme, remove such difficulty:

Provided that, no such order shall be made after the expiry of a period of one year from the date of commencement of the scheme.

(2) Every order issued under sub-section (1) shall be laid before the Legislative Assembly by the Government.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## STATEMENT OF OBJECTS AND REASONS

The bill seeks to amend the Kerala Finance Act, 2025 (3 of 2025) to give effect to the financial proposal of the Government of Kerala for the Financial year 2026-27 as announced in paragraphs 751 to 757 of the Budget Speech 2026-27.

## FINANCIAL MEMORANDUM

The bill if enacted and brought into operation, would not involve any additional expenditure from the Consolidated Fund of the State.

## MEMORANDUM REGARDING DELEGATED LEGISLATION

Clause 5 seeks to empower the Commissioner of State Tax to issue instructions and directions for carrying out the purpose of Flood Cess Amnesty, 2026.

2. Clause 6 seeks to empower the Commissioner of State Tax to issue orders for the removal of difficulties, under the Flood Cess Amnesty, 2026.

The matters in respect to which rules may be made or notifications or orders may be issued are either, administrative in nature or matters of procedure and are of routine in nature. Further, the rules, after they are made, are subject to the scrutiny of the Legislative Assembly. The delegation of legislative powers is, thus, of a normal character.

**K. N. BALAGOPAL**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**

**വിജ്ഞാപനം**

*നം. കെ.എൽ.എസ്./959/2026-ലെജിൻ.1* *തീയതി, തിരുവനന്തപുരം 2026 ഫെബ്രുവരി 21.*

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 69 (5) പ്രകാരം, 2026-ലെ കേരള ധനകാര്യ ബിൽ , ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തോടും ധനകാര്യ മെമ്മോറാണ്ടത്തോടും ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടത്തോടുംകൂടി പ്രസിദ്ധപ്പെടുത്തുന്നു.

**ഷാജി സി. ബേബി,**

സെക്രട്ടറി-ഇൻ-ചാർജ്ജ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**പതിനഞ്ചാം കേരള നിയമസഭ**

**ബിൽ നമ്പർ. 300**

**2026-ലെ കേരള ധനകാര്യ ബിൽ**

2026-2027 സാമ്പത്തികവർഷത്തേയ്ക്കുള്ള കേരള സർക്കാരിന്റെ ചില

ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

ബിൽ

പീഠിക.— 2026-2027 സാമ്പത്തികവർഷത്തേയ്ക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയേഴാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ആക്റ്റിന് 2026-ലെ കേരള ധനകാര്യ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2026 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വരുന്നതാണ്.

അദ്ധ്യായം 1

ചില തുകകളുടെ ഒഴിവാക്കൽ

2. 2025-ലെ 3-ാം ആക്റ്റിന്റെ ഭേദഗതി.—2025-ലെ കേരള ധനകാര്യ ആക്റ്റിൽ (2025-ലെ 3), (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 13-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

"13 എ. ചെറിയ കുടിശ്ശികകളെ സംബന്ധിച്ച പ്രത്യേക ഒഴിവാക്കൽ.—(1) ബന്ധപ്പെട്ട ആക്റ്റിലോ സ്കീമിലോ എന്തുതന്നെയടങ്ങിയിരുന്നാലും, ബന്ധപ്പെട്ട ആക്റ്റ് പ്രകാരമുള്ള നിർദ്ദിഷ്ട ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള നികുതി കുടിശ്ശിക, സർചാർജ്ജ്, പലിശ അല്ലെങ്കിൽ പിഴ സംബന്ധിച്ചുള്ള എല്ലാ തുകകളും ഈ സ്കീം പ്രകാരം തീർപ്പാക്കപ്പെട്ടതായി കരുതപ്പെടേണ്ടതാണ്, എങ്ങനെയെന്നാൽ—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എ) അത്തരം ഉത്തരവ് പ്രകാരമുള്ള നികുതി കുടിശ്ശിക അല്ലെങ്കിൽ സർചാർജ്ജ് അൻപതിനായിരം രൂപയിൽ കവിയാൻ പാടുള്ളതല്ലാത്തതും; കൂടാതെ

(ബി) നികുതി അല്ലെങ്കിൽ സർചാർജ്ജ് കുടിശ്ശിക 2017-18 സാമ്പത്തികവർഷം വരെയുള്ള ഏതെങ്കിലും സാമ്പത്തികവർഷവുമായി ബന്ധപ്പെട്ടതായിരിക്കേണ്ടതും; കൂടാതെ

(സി) അത്തരം ഉത്തരവ് 2027 മാർച്ച് 31-ാം തീയതിയിലോ അതിന് മുൻപോ പുറപ്പെടുവിച്ചിട്ടുണ്ടായിരിക്കേണ്ടതുമാണ് :

എന്നാൽ, ബന്ധപ്പെട്ട ആക്റ്റിൻ കീഴിൽ ചുമത്തിയിട്ടുള്ള പിഴയെ സംബന്ധിച്ചുള്ള തെളിവുകളും വിശദാംശങ്ങളും രേഖകളും ഉപയോഗപ്പെടുത്തിയിട്ടില്ലാത്ത അല്ലെങ്കിൽ ബന്ധപ്പെട്ട ആക്റ്റിൻ കീഴിൽ മികച്ച വിധിനിർണ്ണയ തിട്ടപ്പെടുത്തലിനായി ഉപയോഗപ്പെടുത്തുവാൻ സാധ്യതയില്ലാത്ത സംഗതിയിൽ അത്തരം പിഴയുമായി ബന്ധപ്പെട്ട നികുതി അല്ലെങ്കിൽ സർചാർജ്ജ് ഡിമാൻഡ്, നികുതി അല്ലെങ്കിൽ സർചാർജ്ജ് കുടിശ്ശികയായി കരുതപ്പെടേണ്ടതുമാണ്.

3. 20-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 20-ാം വകുപ്പിലെ നിലവിലെ വ്യവസ്ഥ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:-

"(2) 1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റിൽ (1968-ലെ 15) എന്തുതന്നെയടങ്ങിയിരുന്നാലും, സ്കീമിന്റെ 13 എ വകുപ്പ് പ്രകാരം കുടിശ്ശികകൾ ഒഴിവാക്കപ്പെടുന്ന സംഗതികളിൽ നികുതി വസൂലാക്കൽ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുള്ള കേസുകൾക്ക് ബാധകമാകുന്നതും നിയുക്ത അധികാരസ്ഥാനങ്ങൾക്ക് നൽകേണ്ടതായ തുകകൾ അപ്രകാരമുള്ള തുകകൾ വസൂലാക്കുന്നത് അധികാരമുള്ള നിയുക്ത അധികാരസ്ഥാനത്തിന് നികുതിയുടെയോ സർചാർജ്ജിന്റെയോ പലിശയുടെയോ പിഴയുടെയോ കുടിശ്ശിക, 13 എ വകുപ്പ് പ്രകാരം തീർപ്പാക്കുന്നതിന് അധികാരമുണ്ടായിരിക്കുന്നതും പ്രസ്തുത അപേക്ഷകനെതിരെയുള്ള നികുതി വസൂലാക്കൽ നടപടിക്രമങ്ങൾ 2026 ഏപ്രിൽ 1-ാം തീയതി പിൻവലിച്ചതായി കരുതപ്പെടേണ്ടതും അത് റവന്യൂ അധികാരികൾക്കു ബാധകമാകുന്നതും അത്തരം കുടിശ്ശികകൾക്ക് യാതൊരുവിധ കളക്ഷൻ ചാർജ്ജുകൾ ചുമത്തുവാൻ പാടില്ലാത്തതുമാണ്. ".

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അദ്ധ്യായം II

## പ്രളയ സെസ്സ് ആംനസ്റ്റി, 2026

4. പ്രളയ സെസ്സ് ആംനസ്റ്റി, 2026.—(1) 2019-ലെ കേരള ധനകാര്യ ആക്റ്റിലെ (2019-ലെ 5) 14-ാം വകുപ്പിൻ കീഴിൽ 2019 ആഗസ്റ്റ് 1 മുതൽ 2021 ജൂലൈ 31 വരെയുള്ള കാലയളവിൽ കേരള പ്രളയ സെസ്സ് ആയി നൽകേണ്ട ഏതെങ്കിലും തുക കുടിശ്ശികയുള്ള ഏതൊരു നികുതിദായകനും , പ്രളയസെസ്സിൽ ഒടുക്കേണ്ട തുക പൂർണ്ണമായും ഒടുക്കിക്കൊണ്ട് കുടിശ്ശിക തീർപ്പാക്കൽ തിരഞ്ഞെടുക്കാവുന്നതും അപ്രകാരമുള്ള ഒടുക്കലോടെ അതിന്മേൽ ബാധകമായ പലിശയും പിഴയും ഒഴിവാക്കപ്പെടുന്നതുമാണ്:

എന്നാൽ, പ്രളയ സെസ്സ് കുടിശ്ശികയുമായി ബന്ധപ്പെട്ട് ഒടുക്കേണ്ടതായ മുഴുവൻ പിഴയും നികുതിദായകൻ ഇതിനകം ഒടുക്കിയിട്ടുണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട പലിശയും പിഴയും പൂർണ്ണമായും ഒഴിവാക്കിയതായി കരുതപ്പെടുന്നതും അത്തരം കുടിശ്ശിക ഈ ഉപവകുപ്പ് പ്രകാരം തീർപ്പാക്കിയതായി കരുതപ്പെടുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം കുടിശ്ശിക തീർപ്പാക്കാൻ ഉദ്ദേശിക്കുന്ന നികുതിദായകൻ , കുടിശ്ശികയുള്ള മുഴുവൻ തുകയും ഇ-ട്രഷറി പോർട്ടൽ വഴി ഇലക്ട്രോണിക് രീതിയിൽ 2026 ജൂൺ 30-നോ അതിനുമുമ്പോ അടയ്ക്കേണ്ടതാണ്.

വിശദീകരണം.— 2017-ലെ കേന്ദ്ര ചരക്കുസേവന നികുതി ആക്റ്റ് / 2017-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി ആക്റ്റ് പ്രകാരം പുറപ്പെടുവിച്ച ഒരു കാരണം കാണിക്കൽ നോട്ടീസിൽ, പ്രസ്തുത നിയമങ്ങൾ പ്രകാരമുള്ള മറ്റ് ഡിമാൻഡുകളോടൊപ്പം പ്രളയ സെസ്സിന്റെ ഡിമാൻഡുകൂടി ഉൾപ്പെടുത്തുകയും നോട്ടീസ്/ഉത്തരവ് പ്രകാരം നൽകേണ്ട പ്രളയ സെസ്സ് തീർപ്പാക്കുന്നതിലേക്കായി (1)-ാം ഉപവകുപ്പ് പ്രകാരം ഒടുക്കിയിട്ടുള്ളപക്ഷം പ്രളയ സെസ്സിനെ സംബന്ധിച്ചുള്ള ഡിമാൻഡ് മാത്രം തീർപ്പാക്കപ്പെടുന്നതാണ്.

(3) 2019-ലെ കേരള ധനകാര്യ ആക്റ്റിലെ (2019-ലെ 5) 14-ാം വകുപ്പ് പ്രകാരം ഏതെങ്കിലും അപ്പീൽ അല്ലെങ്കിൽ റിവിഷണൽ അതോറിറ്റി മുമ്പാകെയൊ അല്ലെങ്കിൽ ഏതെങ്കിലും കോടതി മുമ്പാകെയൊ സർക്കാർ സമർപ്പിച്ച ഒരു അപ്പീൽ തീർപ്പാകാതെയുള്ള സംഗതിയിൽ നികുതിദായകൻ അസ്സൽ ഡിമാൻഡ് ഉത്തരവ് പ്രകാരമുള്ള തുക ഒടുക്കിക്കൊണ്ട് ആംനസ്റ്റി സ്കീമിന് കീഴിലുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കുടിശ്ശികകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ,

(എ) 2019-ലെ കേരള ധനകാര്യ ആക്റ്റ് (2019-ലെ 5) പ്രകാരമുള്ള അപ്പീൽ അല്ലെങ്കിൽ റിവിഷണൽ അതോറിറ്റിയെയൊ അല്ലെങ്കിൽ ഏതെങ്കിലും കോടതിയെയൊ; കൂടാതെ

(ബി) അധികാരപരിധിയിലുള്ള ഉചിത ഉദ്യോഗസ്ഥനെയൊ

നികുതിദായകൻ അത്തരം തീർപ്പാക്കൽ അറിയിക്കേണ്ടതാണ്.

(4) അസ്സൽ ഉത്തരവിലെ ഡിമാൻഡ് പ്രകാരം പ്രളയ സെസ്സിൽ ഒടുക്കേണ്ടതായ മുഴുവൻ തുകയും നികുതിദായകൻ ഒടുക്കിക്കൊണ്ട് കുടിശ്ശിക തീർപ്പാക്കിയെന്ന് ഉറപ്പുവരുത്തിയശേഷം ആയത് ബന്ധപ്പെട്ട ഉചിത ഉദ്യോഗസ്ഥൻ 2019-ലെ കേരള ധനകാര്യ ആക്റ്റ് (2019-ലെ 5) പ്രകാരമുള്ള അപ്പലേറ്റ് അല്ലെങ്കിൽ റിവിഷണൽ അതോറിറ്റിയെ അല്ലെങ്കിൽ കോടതിയെ അറിയിക്കേണ്ടതും ഈ ആക്റ്റ് പ്രകാരമുള്ള അപ്പലേറ്റ് അല്ലെങ്കിൽ റിവിഷണൽ അതോറിറ്റി അല്ലെങ്കിൽ കോടതി അതനുസരിച്ചുള്ള തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

(5) 1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റിൽ (1968-ലെ 15) എന്തുതന്നെ അടങ്ങിയിരുന്നാലും (1)-ാം ഉപവകുപ്പ് പ്രകാരം കുടിശ്ശിക കുറവ് ചെയ്യൽ, നികുതി വസൂലാക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ള സംഗതിയിൽ ബാധകമായിരിക്കുന്നതും നികുതി നിർണ്ണയ അധികാരികൾക്ക് അങ്ങനെയുള്ള തുക (1)-ാം ഉപവകുപ്പ് പ്രകാരമുള്ള തീർപ്പാക്കൽ പ്രകാരം പിരിച്ചെടുക്കാൻ അധികാരമുണ്ടായിരിക്കുന്നതും (1)-ാം ഉപവകുപ്പ് പ്രകാരം തുക തീർപ്പാക്കുന്നിടത്ത് അപ്രകാരമുള്ള നികുതിദായകർക്കെതിരെയുള്ള നികുതി വസൂലാക്കൽ നടപടിക്രമങ്ങൾ 2026 ഏപ്രിൽ 1-ാം തീയതി പിൻവലിച്ചതായി കരുതപ്പെടേണ്ടതും അത് റവന്യൂ അധികാരികൾക്ക് ബാധകമാകുന്നതും അങ്ങനെയുള്ള നികുതിദായകർ റവന്യൂ അധികാരി ചുമത്തുന്ന ഏതെങ്കിലും കളക്ഷൻ ചാർജ്ജുകൾ നൽകുവാൻ ബാധ്യസ്ഥരല്ലാത്തതുമാണ്.

(6) ഈ ആക്റ്റിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ അപ്പീൽ അതോറിറ്റിയുടെയോ ഏതെങ്കിലും വിധിന്യായത്തിലോ ഡിക്രിയിലോ ഉത്തരവിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ സ്കീം പ്രകാരം തീർപ്പാക്കിയ തുക, യാതൊരു സാഹചര്യത്തിലും പിന്നീട് മടക്കി നൽകുകയോ തട്ടിക്കിഴിക്കുകയോ ചെയ്യുന്നതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

5. സംസ്ഥാന നികുതി കമ്മീഷണറുടെ അധികാരങ്ങൾ .—സ്കീമിലെ വ്യവസ്ഥകൾക്ക് വിധേയമായി സംസ്ഥാന നികുതി കമ്മീഷണർക്ക് സ്കീമിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിലേയ്ക്കായി അദ്ദേഹത്തിന് യുക്തമെന്ന് തോന്നുന്ന നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും കാലാകാലങ്ങളിൽ പുറപ്പെടുവിക്കാവുന്നതാണ്.

6. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.— (1) സ്കീമിലെ ഏതെങ്കിലും വ്യവസ്ഥകൾക്കു പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം സംസ്ഥാന നികുതി കമ്മീഷണർക്ക്, സ്കീമിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്ത വിധത്തിൽ ഉത്തരവ് വഴി , അത്തരം വൈഷമ്യങ്ങൾ നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ സ്കീം പ്രാബല്യത്തിൽ വന്ന് ഒരു വർഷത്തിനു ശേഷം അപ്രകാരമുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ച എല്ലാ ഉത്തരവും സർക്കാർ നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2026-2027 ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 751 -757 വരെ പ്രഖ്യാപിച്ചിട്ടുള്ള 2026-2027 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനു വേണ്ടി 2025-ലെ കേരള ധനകാര്യ ആക്റ്റ് (2025-ലെ 3) ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിച്ചു.

മേൽ ലക്ഷ്യങ്ങൾ നിറവേറ്റുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 5-ാം ഖണ്ഡം, 2026-ലെ പ്രളയ സെസ്സ് ആംനസ്റ്റി നടപ്പിലാക്കുന്നതിലേക്കായി നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിക്കുവാൻ സംസ്ഥാന നികുതി കമ്മീഷണറെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2.ബില്ലിലെ 6-ാം ഖണ്ഡം, 2026-ലെ പ്രളയസെസ്സ് ആംനസ്റ്റിയുടെ കീഴിലുള്ള വൈഷമ്യങ്ങൾ നീക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിക്കാൻ സംസ്ഥാന നികുതി കമ്മീഷണറെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏതുകാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കുകയോ, അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത്, അവ ഭരണപരമോ, നടപടി ക്രമങ്ങൾ സംബന്ധിച്ചുള്ളതോ സാധാരണ സ്വഭാവത്തോടുകൂടിയതോ ആകുന്നു. കൂടാതെ, ചട്ടങ്ങൾ, അവ ഉണ്ടാക്കിയതിനുശേഷം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ് . ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണ അധികാരം, അതിനാൽ, സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

**കെ. എൻ. ബാലഗോപാൽ**

**(ശരിത്തർജ്ജമ)**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.21 07:47:33 +05:30